# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4097** **12.11.2019-ലെ മറുപടിക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർ</u>**

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ഡോ. തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർക്ക് എത്ര രൂപ വെച്ച് പെൻഷൻ ലഭിക്കുന്നുണ്ടെന്ന കണക്ക് സർക്കാരിന്റെ കൈവശം ഉണ്ടോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർക്ക്, സർക്കാർ പെൻഷൻ നൽകുന്നില്ല. പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമബത്ത) 10% വും തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടയ്ക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും 40% തുക ആന്വിറ്റിയ്ക്കായി നിക്ഷേപിക്കേണ്ടതുമാണ്. ഇത്തരത്തിൽ നിക്ഷേപിച്ചിരിക്കുന്ന 40% തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക. |
| (ബി) | നാളിതുവരെ പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട് സർവ്വീസിൽ നിന്ന് വിരമിച്ച ജീവനക്കാർ ഒടുവിലെ മാസം വാങ്ങിയ ആന്വിറ്റി എത്രയാണെന്ന് അറിയിക്കാമോ; | |
| (സി) | പങ്കാളിത്ത പെൻഷൻകാരായ വിരമിച്ച ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന തുച്ഛമായ ആന്വിറ്റി(പെൻഷൻ), മരിച്ചവരുടെ കുടുംബങ്ങൾക്ക് ലഭിക്കേണ്ട തുച്ഛമായ സമാശ്വാസ ധനസഹായം എന്നിവപോലും ഒരു വർഷത്തിന് മുകളിലായിട്ടും ലഭിക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | ഇല്ല |

| | | |
|---|---|---|
| (ഡി) | പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട് സർവ്വീസിൽ ഇരുന്ന് മരിച്ച ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ എത്ര പേർക്ക് എൻ.പി.എസിൽ അടച്ച പൈസ തിരികെ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിൽ എത്രപേർക്ക് ആശ്വാസ ധനസഹായം ലഭ്യമായിട്ടുണ്ടെന്നും ഓരോരുത്തർക്കും ലഭിച്ച ആശ്വാസ ധനസഹായം എത്രയാണ് എന്നും അറിയിക്കുമോ? | സ്പാർക്ക് ഡേറ്റബെയ്സിലെ കണക്ക് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവ്വീസിൽ ഇരിക്കെ മരണപ്പെട്ട 101 ജീവനക്കാരുണ്ട്. ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ റിപ്പോർട്ട് പ്രകാരം, എൻ.പി.എസ് തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരിൽ, 2019 ഒക്ടോബർ 10 വരെ, 36 പേർക്ക് തുക ലഭ്യമായിട്ടുണ്ട്. 2019 ഒക്ടോബർ 31 വരെ 19 പേർക്ക് ആശ്വാസ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

| *Sl. No* | *Name of the beneficiary* | *Name of the deceased employee* | *Compassionate Assistance sanctioned (Monthly)* |
|---|---|---|---|
| 1 | Divya. M.R | Sujith Kumar.J | Rs. 5100/- from 01.07.2016 onwards |
| 2 | Gracy.C.C | Benny James | Rs.5100/- from 01.11.2017 onwards |
| 3 | Vasantha Kumari. V | Geroge William | Rs. 6165/- from 01.04.2017 onwards |
| 4 | T. Thangal Kunju | K.M. Nabeezath Beevi | Rs. 239400/- |
| 5 | Seenath. K. K. | Basheer. M.A | Rs. 8760/-from 01.11.2017 onwards |
| 6 | Santhosh Babu. S | Binu. P.R | Rs. 5550/-from 01.12.2016 onwards |
| 7 | Prasad Kumar. B | Parvathy S. Nath | Rs. 12750/- from 01.05.2017 onwards |
| 8 | Jyothish Kumar. T | Rajani. K | Rs. 4950/-from 01.11.2015 onwards |
| 9 | Praveena. J | Ajith Kumar. T | Rs. 5850/- from 01.04.2017 onwards |
| 10 | Rajesh. T.O | Seena. U | Rs. 8760/- from 01.06.2017 onwards |
| 11 | Kisha Riaz | Sajna mol. N | Rs. 9690/- from 01.11.2016 onwards |
| 12 | Remya Krishnan .K | Baiju. B | Rs. 7020/- from 01.04.2018 onwards |
| 13 | Jomy George | Shijimol Joseph | Rs. 12450/- from 01.03.2017 onwards |
| 14 | Sasikala Kumari | Sahadevan pillai. K | Rs. 140400/- |
| 15 | Mini. M | Rajanathan. P | Rs. 5700/-from 01.10.2016 onwards |
| 16 | Sulekha. D | Rejimon. A | Rs. 4950/-from 01.03.2017 onwards |
| 17 | Sudheedran. P | Rejina. K | Rs. 7950/- from 01.03.2018 onwards |
| 18 | Soumya. S | Srothalal. P | Rs. 6000/- from 01.11.2017 onwards |
| 19 | Sreevidya. T | Nandhakumar. T.M | Rs. 5100/- from 01.09.2015 onwards |